# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6217**      **10.7.2012-ൽ മറുപടിക്ക്**

## ഇ-വേസ്റ്റ് സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>,, എം. ഹംസ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, രാജു എബ്രഹാം | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഇ-വേസ്റ്റ് സംസ്കരണത്തിനുള്ള സംവിധാനം ലഭ്യമാണോയെന്നു വ്യക്തമാക്കുമോ; | എ) ഇ – മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം കേരളത്തിൽ ആരംഭിച്ചിട്ടില്ല. എന്നാൽ ഇ- മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനങ്ങളിലുള്ള ഇ-മാലിന്യ സംസ്ക്കരണ സംവിധാനത്തിന് കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു സ്ഥാപനത്തിന് ഇ – മാലിന്യം ശേഖരിക്കുവാനും, സൂക്ഷിക്കുവാനും തുടർന്ന് ബംഗളൂരുവിലെ ഇ-പരിസര എന്ന പേരിലുള്ള ഇ-മാലിന്യ സംസ്ക്കരണ സ്ഥാപനത്തിന് കൈമാറാനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പ്രവർത്തനാനുമതി/ ആതറൈസേഷൻ നൽകിയിട്ടുണ്ട്. |
| ബി) നിലവിൽ എത്ര ഇ-വേസ്റ്റ് സംസ്ഥാനത്ത് ഉണ്ടാകുന്നു എന്ന് സർവ്വേ നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്ത് ഉണ്ടാകുന്ന ഇ-വേസ്റ്റിന്റെ സർവ്വേ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഒരു ഇൻവെന്ററി തയ്യാറാക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടി ആരംഭിച്ചു. |
| സി) നിലവിൽ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും മറ്റും കേടായാൽ സ്കൂളിൽ തന്നെ കൂട്ടിവെയ്ക്കുന്നത് കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) സ്കൂളുകളിൽ കമ്പ്യൂട്ടറുകളും മറ്റും കേടായാൽ സ്കൂളിൽ തന്നെ കൂട്ടിവെയ്ക്കുന്നത് കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) സംസ്ഥാനത്ത് ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഡി) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റ്ലിംഗ് ചട്ടങ്ങൾ 2012 മേയ് മാസം മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിലായിട്ടുണ്ട്. |

ഈ നിയമം ഫലപ്രദമായി സംസ്ഥാനത്ത് നടപ്പാക്കുന്ന തിനുള്ള നടപടികൾ സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നു. പ്രാരംഭനടപടിയായി ഇ-വേസ്റ്റ് ഉൽപ്പാദക രുടെ/ കൈകാര്യം ചെയ്യുന്നവരുടേയും ഒരു ഇൻവെന്ററി ബോർഡ് തയ്യാറാക്കാൻ നടപടികൾ ആരംഭിച്ചു. ഇ-വേസ്റ്റ് ചട്ടപ്രകാരമുള്ള ഇലക്ട്രോണിക്/ഇലക്ട്രി ക്കൽ ഉപകരണങ്ങളുടെ ഉൽപാദകർ ഈ വേസ്റ്റ് പൊളിച്ചുമാറ്റുകയോ,(dismantle), റീസൈക്കിൾ ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവരെക്കൊണ്ട് അനു മതികൾ എടുപ്പിക്കുന്നതിനും നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടു ത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരു ന്നു.

സെക്ഷൻ ഓഫീസർ